## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4695 23.07.2015-ലെ മറുപടിക്ക്

ചോദ്യം

ശ്രീ. ജി സുധാകരൻ

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### പദ്ധതി/ പദ്ധതിയേതര ചെലവുകളുടെ വിശദാംശം

| | | |
|---|---|---|
| (എ) | 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കുമായി വകയിരുത്തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ചെയ്ത തുകയിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാക്കാതെ ട്രഷറിയിൽ കിടക്കുന്നത്; വിശദാംശം നൽകുമോ; | ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ 2011-12 മുതൽ 2015-16 വരെ ട്രഷറിയിൽ നിന്നു പിൻവലിക്കപ്പെടുകയും ട്രഷറിയിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതിയേതര ചെലവുകളിലും പിന്നോക്കം നിൽക്കുന്ന വകുപ്പുകൾ ഏതെല്ലാം; വിശദാംശം നൽകുമോ; | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും, പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതു വിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), |

| | | |
|---|---|---|
| | | ജലവിഭവം (46 ശതമാനം), ഭവന നിർമാണം (42 ശതമാനം) എന്നിവയായിരുന്നു.<br>വിവിധ ധനാഭ്യർത്ഥനകളിലെ പദ്ധതി യേതര ചെലവിന്റെ വകുപ്പു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ധനാഭ്യർത്ഥനകളിലെ ചെലവ് കണക്കുകൾ പ്രകാരം പദ്ധതിയേതരയിനത്തിൽ കുറഞ്ഞ ചെലവ് രേഖപ്പെടുത്തിയ ധനാഭ്യർത്ഥനകളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>2011-12 സാമ്പത്തിക വർഷം തെരെഞ്ഞെടുപ്പ്, പൊതുമരാമത്ത്, പലവക സാമ്പത്തിക സർവ്വീസുകൾ, ക്ഷീര വികസനം, എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം പൊതുമരാമത്ത്, നഗര വികസനം, തുറമുഖം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2013-14 ൽ തുറമുഖം, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, വിനോദ സഞ്ചാരം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലുമാണ് പദ്ധതിയേതരചെലവ് കുറവ് രേഖപ്പെടുത്തിയത്.<br>2015-16 സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ടുമാസത്തെ ചെലവിന്റെ താൽക്കാലിക കണക്കുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ പ്രവണത വിലയിരുത്തുന്നത് പ്രായോഗികമല്ല. |

അക്കൗണ്ട്സ് ഓഫീസർ

| അനുബന്ധം | |
|---|---|
| വകുപ്പ് | ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക |

തുക ലക്ഷത്തിൽ

| | |
|---|---|
| മൃഗ സംരക്ഷണ വകുപ്പ് | 2431.74 |
| പുരാവസ്തു വകുപ്പ് | 275.84 |
| കോളേജ് വിദ്യാഭ്യാസ വകുപ്പ് | 41.51 |
| ക്ഷീര വികസന വകുപ്പ് | 755.75 |
| ഹയർ സെക്കന്ററി വിദ്യാഭ്യാസം | 129.65 |
| കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി | 199.35 |
| തൊഴിൽ കമ്മീഷണർ | 300.00 |
| മ്യൂസിയവും മൃഗശാലയും വകുപ്പ് | 23.25 |
| തൊഴിലും വ്യവസായവും പരിശീലന വകുപ്പ് | 222.68 |
| പഞ്ചായത്ത് വകുപ്പ് | 556.01 |
| പട്ടിക ജാതി വികസന വകുപ്പ് | 1164.74 |
| സാമൂഹ്യ നീതി വകുപ്പ് | 9679.95 |
| സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | 4.00 |
| നഗര കാര്യ വകുപ്പ് | 261.89 |
| സാമൂഹ്യ സുരക്ഷാ മിഷൻ | 2140.06 |
| ലാന്റ് റവന്യൂ | 23.23 |
| സർവ്വേയും ഭൂരേഖയും വകുപ്പ് | 2099.42 |
| സഹകരണ വകുപ്പ് | 1771.62 |
| കായിക യുവജനക്ഷേമ വകുപ്പ് | 140.00 |
| പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും വകുപ്പ് | 302.07 |
| മത്സ്യ ബന്ധന വകുപ്പ് | 9717.00 |
| കൈത്തറി ടെക്സ്റ്റയിൽസ് വകുപ്പ് | 57.90 |
| ലാന്റ് ബോർഡ് | 2549.86 |
| ഗ്രാമ വികസന വകുപ്പ് | 141.36 |
| വിനോദ സഞ്ചാര വകുപ്പ് | 15.53 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 5063.00 |
| പൊതു വിദ്യാഭ്യാസ വകുപ്പ് | 420.21 |

അക്കൗണ്ട്സ് ഓഫീസർ